(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമന അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി കിട്ടിയവർ

36 (37) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും വിവിധ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും കോർപ്പറേഷനുകളിലേയ്ക്കും പൊതുമേഖലാസ്ഥാപനങ്ങളിലേയ്ക്കും വിവിധ ഗ്രേഡുകളിലായി എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്നും അവയുടെ ഗ്രേഡ് തിരിച്ചുള്ള കണക്കുകൾ എത്രയാണെന്നും വിശദമാക്കാമോ ;

(ബി) ഇതേ കാലയളവിൽ നിയമിച്ചിട്ടുള്ള താല്ക്കാലിക ജീവനക്കാർ എത്ര ;

(സി) ഇതേ കാലയളവിൽ പി.എസ്.സി.യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും മുഖേന അല്ലാതെ മറ്റെന്തെങ്കിലും വിധത്തിലുള്ള നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എത്ര ?

ഉത്തരം

(എ-സി) പി.എസ്.സി. വഴി 100912 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 30-11-2000 വരെ 89770 പേർക്കും നിയമനം നൽകിയിട്ടുണ്ട്. ഇതിനു പുറമേ കോർപ്പറേഷനുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടി

37 (38) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ പരമാവധി പേർക്ക് നിയമനം ലഭിക്കുവാൻ അവസരം നൽകുന്നതിനായി പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി മൂന്നു വർഷത്തേത് അഞ്ചു വർഷമാക്കി മാറ്റാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly